പറഞ്ഞതുപോലെ മഹീന്ദ്രാ ആൻറു മഹീന്ദ്രാ ഇന്നും ലാഭകരമായി നടപ്പിലാക്കുന്നു എന്നുള്ളതുകൂടി പരിഗണിച്ചും ഒന്നുകൂടി ഇതിനെ സംബന്ധിച്ച് പരിശോധിക്കുകയും തിരുവല്ലയിൽ ആരംഭിക്കുവാനുള്ള ഈ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്ബ്: അതു പരിശോധിക്കാവുന്നതാണ്. പക്ഷെ നമ്മുടെ ഇവിടെ മുട്ടയ്ക്കു വിലകൂടുതലാണ്. അതുകൊണ്ട് അവരുമായി കമ്പീറ്റു ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് ഇവിടെ കൂടുതൽ മുട്ട ഉൽപ്പാദിപ്പിച്ചതിനുശേഷം നമുക്കു തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഒ. ലൂക്കോസ്: ഈ മുട്ടപ്പൊടി ഫാക്ടറി ആരംഭിക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത് എന്നാണ്; ഈ ഗവൺമെൻറ് അങ്ങനെയൊരു തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും അതിനെക്കുറിച്ച് പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്ബ്: അതിനെപ്പറ്റി ആലോചിക്കാം.

മെഡിക്കൽ കോളേജുകളിലെ അദ്ധ്യയനഭാഷ

*233 [252] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അദ്ധ്യയന ഭാഷ മലയാളമാക്കുവാൻ പരിപാടിയുണ്ടോ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നിർദ്ദേശമാണ് നൽകിയിരിക്കുന്നത്;

(ഡി) ഈ നിർദ്ദേശം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ആൻറ് (സി) നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മെഡിക്കൽ കോളേജുകളിലെ ബോധനമാധ്യമം ഇംഗ്ലീഷിൽനിന്നു പ്രാദേശികഭാഷകളിലേയ്ക്കാക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നും അതിൻമേൽ സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം അറിയിക്കണമെന്നും കാണിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറിൽനിന്നും ഒരു കത്തുകിട്ടിയിരുന്നു.

(സി) ഈ നിർദ്ദേശത്തോടു സംസ്ഥാനഗവൺമെൻറു തത്വത്തിൽ യോജിക്കുന്നുണ്ട്. എന്നാൽ മെഡിക്കൽ കോളേജുകളിലെ ബോധനമാധ്യമം മലയാളത്തിലാക്കുന്നതു പടിപടിയായിട്ടേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. ഈ വിവരം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ.ജെ. ചാക്കോ: മെഡിക്കൽ കോളേജിലെ അദ്ധ്യയനമാധ്യമം മലയാളമാക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികളും വിദ്യാർത്ഥി സംഘടനകളും പ്രമുഖരായ ഡോക്ടർ

LIBRARY ARCHIVES Kerala Legislative Assembly

മാരും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിനെന്തെങ്കിലും വിലനൽകാൻ ഈ ഗവൺമെൻറു ദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: മെഡിക്കൽകോളേജു വിദ്യാർത്ഥികളുടെ പ്രതിഷേധം ഉണ്ടായിട്ടുണ്ട്. പ്രിൻസിപ്പൽമാരും പൊതുവേ ഈ നിർദ്ദേശത്തിന് എതിരായ അഭിപ്രായമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പക്ഷേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രാദേശികഭാഷയിൽ ആക്കണമെന്ന നിലപാടാണ് ഉള്ളത്.

ശ്രീ. കെ. ജെ. ചാക്കോ: ഇവിടെനിന്നും എം.ബി.ബി.എസ്. പാസ്സായി ഇൻഡ്യയിലുള്ള വിവിധ മെഡിക്കൽകോളേജുകളിലും വിദേശ രാജ്യങ്ങളിലും കൂടുതൽ വിദ്യാഭ്യാസം സമ്പാദിക്കുവാൻ വേണ്ടി പോസ്റ്റു ഗ്രാഡുവേറ്റു ഡിഗ്രി സമ്പാദിക്കുവാൻ വേണ്ടി പോകുന്ന വിദ്യാർത്ഥികളുടെ ഭാവി പ്രയാസത്തിലാകുമെന്നുള്ള കാര്യം പരിഗണിച്ച് ഗവൺമെൻറ് ഈ മെഡിക്കൽ കോളേജുകളിലെ അദ്ധ്യയനഭാഷ മലയാളമാക്കാൻ സാധ്യമല്ലെന്ന ഉറച്ച നിലപാടു സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: മെഡിക്കൽ കോളേജുകളും നടത്തുന്നത് ആളുകളെ പുറത്തയയ്ക്കുകയെന്ന പരമമായ ലക്ഷ്യത്തോടുകൂടിയല്ല. നമ്മുടെ രാജ്യത്തുതന്നെ വൈദ്യസേവനത്തിനുള്ള ആളുകളെ പരിശീലിപ്പിച്ചെടുക്കുകയെന്നുള്ളതാണ്. ഇന്നത്തെ സാഹചര്യത്തിൽ ആളുകളും പുറത്തു ഡിഗ്രിയെടുക്കുവാൻ പോകേണ്ടിവരുന്നുണ്ട്; പുറത്തു തൊഴിലിനു പോകേണ്ടിവരുന്നുണ്ട്. ഇവർക്കെല്ലാം പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ കഴിയൂ എന്നു ഗവൺമെൻറു പറയാൻകാരണം. അതുകൊണ്ടു എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുവാൻ സാധ്യമല്ല.

ശ്രീ. ടി.എം. ജേക്കബ്ബ്: മെഡിക്കൽ വിദ്യാഭ്യാസം പോലെയുള്ള ഒരു വിദ്യാഭ്യാസത്തിന്റെ മാധ്യമം മലയാളമാക്കുന്നതു ഒരിക്കലും പ്രയോജനപ്രദമല്ലെന്നു വിദഗ്ദ്ധൻമാരായ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നമുക്കിവിടെ, വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ആളുകൾക്കു പോസ്റ്റു ഗ്രാഡുവേറ്റു ബിരുദം കൊടുക്കുവാനുള്ള സൗകര്യമില്ല. മറ്റുപല സംസ്ഥാനങ്ങളിലും ആ സൗകര്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഒരു നടപടി ശരിയല്ലെന്നു വിവരമുള്ള ആളുകൾ പറയുന്നതുകൊണ്ടു വളരെ പിടിവാശി ഇക്കാര്യത്തിൽ പിടിക്കാതെയിരിക്കുവാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഈ പറയുന്നവരെല്ലാം ആത്യന്തികമായി വിവരമുള്ളവരാണെന്നു ധാരണയില്ല. ഇവിടെത്തന്നെ പോസ്റ്റു ഗ്രാഡുവേറ്റു വിദ്യാഭ്യാസം പരമാവധി വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മുടെ രാജ്യത്തുതന്നെ പ്രാദേശിക ഭാഷയിൽ കൊണ്ടുവരാൻകഴിയുമെന്നാണ് വിശ്വാസം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: മാതൃഭാഷയിലാക്കുന്നതിനു വിഷമമുണ്ടാകുന്നത് സാങ്കേതിക കാര്യങ്ങളിൽ ആവശ്യമായ പുസ്തകങ്ങൾ ഇല്ലാത്തതുകൊണ്ടാണ്. അതുപോലെതന്നെ മറ്റു വിദേശരാജ്യങ്ങളിൽ ഉണ്ടാകുന്ന പുതിയ കണ്ടുപിടിത്തത്തെസംബന്ധിച്ചുള്ള ഗ്രന്ഥങ്ങളുടെ തർജ്ജമയ്ക്കുള്ള സൗകര്യമില്ല. മാതൃഭാഷയിലാക്കുന്നതിനുമുൻപായി

LIBRARY ARCHIVES Kerala Legislative Assembly

ഭാഷാപണ്ഡിതൻമാരെക്കൊണ്ട് തർജ്ജമ ചെയ്യിക്കുന്നതിനുപകരം വിവരമുള്ളവരെക്കൊണ്ട് തർജ്ജമ ചെയ്യിക്കുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയശേഷമേ മാതൃഭാഷയിലേക്കു മാറുകയുള്ളു എന്നു തീരുമാനിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഉടനടി സാധ്യമല്ലെന്നു പറഞ്ഞിട്ടുള്ളതിന്റെ ഒരു കാരണം പുസ്തകങ്ങളും തർജ്ജമചെയ്യുന്നതിനുള്ള പ്രയാസം ആണ്. അങ്ങനെയൊരു പോളിസി അംഗീകരിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ഈ തർജ്ജമ ചെയ്യാനുള്ള നടപടി സ്വീകരിക്കും. ഇന്നു തന്നെ പല വിദേശരാജ്യങ്ങളിലും അവരവരുടെ ഭാഷയിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്. സോവിയറ്റുയൂണിയൻ, ജപ്പാൻ എല്ലാം അവരുടെ സ്വന്തം ഭാഷയിലാണ് വിദ്യാഭ്യാസം നടത്തുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആത്യന്തികമായി നമ്മുടെ മെഡിക്കൽകോളേജുകളിൽനിന്നും പുറത്തിറങ്ങുന്നവർക്കു ഉപരിവിദ്യാഭ്യാസത്തിനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ഉണ്ടാകുകയും ഇവിടെത്തന്നെ ജോലി കൊടുക്കുകയും ചെയ്യുന്നതുവരെയെങ്കിലും ഈ ഘട്ടംഘട്ടമായി പ്രാദേശിക ഭാഷയിലാക്കാനുള്ള നടപടി ഗവൺമെന്റു സ്വീകരിക്കാതിരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇതെല്ലാം ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നതാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് ഓരോ നടപടിയും സ്വീകരിക്കുക.

ശ്രീ. എസ്. തങ്കപ്പൻപിള്ള: മെഡിക്കൽകോളേജുകളിലെ ബോധന മാധ്യമം മലയാളമാക്കാൻ ആദ്യഘട്ടം എന്ന നിലയിൽ എന്താണ് പ്രാഥമിക നടപടി സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ.പി. പ്രഭാകരൻ: കേന്ദ്രഗവൺമെന്റു ഇങ്ങനെയൊരു കാര്യം ആലോചിക്കുന്നുണ്ട്. നിങ്ങളുടെ അഭിപ്രായം എന്താണെന്നു ചോദിച്ചു. സംസ്ഥാനഗവൺമെന്റു യോജിക്കുന്നുണ്ട്; എന്നാൽ പെട്ടെന്നു സാധിക്കുകയില്ല, ഘട്ടംഘട്ടമായി മാത്രമേ സാധിക്കുകയുള്ളു എന്ന അഭിപ്രായം അറിയിച്ചു. ഫൈനലായി കേന്ദ്രഗവൺമെന്റിൽനിന്നും നിർദ്ദേശം വന്നുകഴിഞ്ഞിട്ടില്ല. അതിനുശേഷംമാത്രമേ നടപടി ആരംഭിക്കുകയുള്ളു.

ശ്രീ. വി. ഈച്ചരൻ: ഏതെങ്കിലും സംസ്ഥാനങ്ങളും മാതൃഭാഷയിൽ മെഡിക്കൽവിദ്യാഭ്യാസം തുടങ്ങാനോ പഠനം നടത്താനോ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ.പി. പ്രഭാകരൻ: മറ്റു സംസ്ഥാനങ്ങളെ സംബന്ധിച്ച് വിവരം എന്റെ കൈവശമില്ല.

ശ്രീ. കെ. അനിരുദ്ധൻ: മാതൃഭാഷയിലും പിതൃഭാഷയിലും അദ്ധ്യയനം നടത്താൻ തിരുവനന്തപുരത്തു ആയുർവ്വേദ കോളേജുണ്ട്. അവിടെ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലും രാജ്യത്തിനു പുറത്തുമുള്ള വിദ്യാർത്ഥികളും എക്സ്ചേഞ്ച് ബേസിസിൽ മെഡിക്കൽകോളേജുകളിൽവന്നു പഠിക്കുന്നുണ്ട്. ഇവരെല്ലാം താരതമ്യേന ലോകത്തു അംഗീകരിച്ചിട്ടുള്ള അന്തർദ്ദേശീയ ഭാഷയായ ഇംഗ്ലീഷിലാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഘട്ടംഘട്ടമായി ചോദ്യം ചോദിച്ചാൽ എങ്ങനെയാണ്? ചോദ്യം എന്താണെന്നുവച്ചാൽ ചോദിക്കണം.

ശ്രീ. കെ. അനിരുദ്ധൻ: മറ്റു രാജ്യങ്ങളിൽനിന്നുള്ളവർക്കു അസൗകര്യങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ സ്റ്റേറ്റിൽ തന്നെ മെഡിക്കൽകോളേജ് വിദ്യാർത്ഥികളോ സംഘടനകളോ അനുകൂലമായ അഭിപ്രായം പറയാതിരിക്കുകകൂടി ചെയ്യുമ്പോൾ ഗവൺമെന്റ് ഇക്കാര്യത്തെസംബന്ധിച്ച് എടുത്ത തീരുമാനം തിരുത്തണമെന്ന കാര്യത്തിൽ എന്തു പറയുന്നു?

ശ്രീ. കെ. പി. പ്രഭാകരൻ: മറ്റു രാജ്യങ്ങളിലുള്ളവരുടെ ഇഷ്ടത്തിനുവേണ്ടിയല്ല ഇവിടെ മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നത്. ഈ രാജ്യത്തിനുവേണ്ടിയാണ് നടത്തുന്നത്. മറ്റു പല രാജ്യങ്ങളിലും അവരവരുടെ ഭാഷയിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്.

ശ്രീ. കെ.എ. മാത്യു: സാങ്കേതികപദങ്ങൾ തർജ്ജമചെയ്യുമ്പോൾ അഭംഗിയും അശ്ലീലത്തിന്റെ ചുവയും ഉണ്ടാകുന്നുണ്ടെന്നുള്ളതു പരിഗണിച്ച് സാങ്കേതികപദങ്ങളുടെ കാര്യത്തിൽ ഇംഗ്ലീഷ്തന്നെ നിലനിറുത്താൻ ഗവൺമെന്റു ശ്രദ്ധിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: തർജ്ജമയുടെ ഘട്ടത്തിൽ പരിഗണിക്കാവുന്നകാര്യമാണ്.

ശ്രീ. കെ.ജെ. ചാക്കോ: എന്നെ കെട്ടിവലിച്ചുകൊണ്ടുവന്നാലും മന്ത്രിയാകുകയില്ലെന്നു പറഞ്ഞ രാജ്നാരായണൻ കേന്ദ്രത്തിൽ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ ചെയ്ത ഒരു തീരുമാനം, ആ തീരുമാനത്തിൽ ഇപ്പോൾ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതും ഒന്നു പുനഃപരിശോധിക്കാൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ ഒരു തീരുമാനമായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. പിന്നെ തീരുമാനം എന്നുവ്യാഖ്യാനിച്ചാൽ എങ്ങനെയാണ്. സംസ്ഥാനഗവൺമെന്റിന്റെ നിലപാടു എന്താണെന്നു ചോദിച്ചപ്പോൾ സംസ്ഥാനഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞു. അത്രയേ ഉള്ളൂ.

ശ്രീ. ആർ. സുന്ദരേശൻനായർ: അധ്യയനഭാഷ മലയാളമാക്കിക്കഴിഞ്ഞാൽ അതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് ഇത് അംഗീകരിക്കാൻ സാധ്യമല്ലെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ പുനഃപരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

(ചോദ്യങ്ങൾ 253, 254 എന്നിവ ചോദിച്ചില്ല)

റൂറൽ ഡിസ്പെൻസറികൾ

*234 [255] ശ്രീ. ജി.പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റൂറൽ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly